LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE ASSEMBLY PROCEEDINGS

OFFICIAL REPORT OF THE VRISCHIGAM MEETING, 1124

Monday, *the* *13th December 1948* / *28th Vrischigam 1124*

The Assembly met in the Assembly Hall, Ernakulam, at 3 p.m. with the Hon'ble President (Mr. L. M. Pylee, M. A., B. L.) in the chair.

Rao Bahadur T. K. Nayar, and Messrs. K. Balakrishna Menon, K. Natarajan Chettiar, C. U. Narayanan, M. K. Menon, K. Karunakaran. K. T. Achuthan and A. K. Kunju Moideen were absent.

1 QUESTIONS AND ANSWERS

(*N. B.* The numbers in ordinary thin type represent the numbers in the order of receipt of notice).

RICE MILLS AT NARAKKAL—PARTICULARS REGARING

202. (332) മിസ്റ്റർ ശാസ്ത്രർ ഡിസിൽവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ദവമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) ഞാറക്കൽ പ്രദേശത്തു് എത്ര മില്ലുകൾക്കു് നെല്ല കുത്തുവാൻ പെർമിറ്റ് കൊടുത്തിട്ടുണ്ടു്; എത്രപറ നെല്ലുവീതം പ്രതിവർഷം കുത്തുവാനുള്ള പേർമിറ്റ കൊടുത്തിട്ടുണ്ടു്;

(ബി) ഏതെല്ലാം മില്ലുകൾ പെർമിറ്റിനു അപേക്ഷിച്ചിട്ടുണ്ടായിരുന്നു; ഏതേതു തിയ്യതികളിലാണ് ആദ്യത്തെ അപേക്ഷകൾ കിട്ടിയതു്;

(സി) ഇപ്പോൾ എത്ര മില്ലുകൾ നെല്ല കുത്തുന്നുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഒരു മില്ലിനു പെർമിറ്റ കൊടുത്തിട്ടുണ്ടു്. മില്ലിനു കൊടുക്കുന്ന പെർമിറ്റിൽ (ലൈസ്സൻസിൽ) കുത്തുവാനുള്ള നെല്ലിന്റെ അളവ് നിർണ്ണയിക്കപ്പെടാറില്ല.

(ബി) മേൽ പറഞ്ഞ മില്ലിനു പുറമെ (ഞാറക്കൽ ലിറ്റിൽഫ്ളവർ ഓയിൽമിൽ) ഞാറയ്ക്കൽ സ്വരാജ് ഓയിൽമില്ലും പെർമിറ്റിനു് അപേക്ഷിച്ചിട്ടുണ്ടായിരുന്നു.

ആദ്യത്തെ മില്ല് ഫ ൦—൪—൪൭-ലും

രണ്ടാമത്തേതു് ൭—൯—൪൭-ലും ആണു് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതു്.

(സി) ഇപ്പോൾ ഒരു മിൽ നെല്ല കുത്തുന്നുണ്ടു്.

EVICTION SUITS AGAINST KUDIKIDAPPUKARS—NUMBER OF

203. (238) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ദവമ്മെണ്ട സദയം മറുപടി പറയുമൊ.—

(എ) ഇനി ഒരു നിയമം ഉണ്ടാകുന്നതുവരെ കുടികിടപ്പുകാരെ വസ്തു ഉടമസ്ഥന്മാർ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള ഫ ഫ ഫ-ലെ വിളംബരത്തിനുശേഷം കുടി ഒഴിപ്പിക്കുന്നതിനായി എത്രയെത്ര കേസ്സുകൾ സ്റ്റേറ്റിലെ വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ടു്;

അഞ്ചിക്കയ്മൽ ഡിസ്ട്രിക്ട് കോട്ട്;
തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് കോട്ട്;
എറണാകുളം മുൻസിഫ് കോട്ട്;

കൊച്ചി	ടി
ഇരിങ്ങാലക്കുട	ടി
കൊടുങ്ങല്ലൂർ	ടി
തൃശ്ശിവപേരൂർ	ടി
വടക്കാഞ്ചേരി	ടി
ചിറ്റൂർ	ടി